"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E1-4575/2021/PrHQ ; തീയതി : 11-06-2021

04/06/2021 ലെ സ.ഉ.(സാധാ) നം.1581/2021/ആ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജയിൽ വകുപ്പിലെ വെൽഫെയർ ഓഫീസർ ഗ്രേഡ്1 & 2 തസ്തികയിലെ എണ്ണം പുനക്രമീകരിച്ച് കൊണ്ട് സർക്കാർ ഉത്തരവായി. പ്രസ്തുത ഉത്തരവ് അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഋഷി രാജ് സിംഗ് IPS

സ്വീകർത്താവ്: **എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും**
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും/വെബ് സൈറ്റ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - ജയിലുകൾ - വെൽഫെയർ ഓഫീസർ ഗ്രേഡ് I & II തസ്തികകളുടെ എണ്ണം പുന: ക്രമീകരിച്ച് ഉത്തരവാകുന്നു

ആഭ്യന്തര (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1581/2021/ആഭ്യന്തരം തീയതി,തിരുവനന്തപുരം, 04/06/2021

പരാമർശം:- 1. 20.01.2016 - ലെ സ.ഉ.( അ) നം . 7/2016/ധന

2. 10.02.2021 - ലെ സ.ഉ.( അ ) നം . 27/2021/ധന

3.18.02.2021 ലെ സ . ഉ .( കൈ ) നം . 53/2021/ ആഭ്യന്തരം

4.ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്-ന്റെ 13.04.2021-ലെ E1-4575/2021/PrHQ നമ്പർ കത്ത്

ഉത്തരവ്

ജയിൽ വകുപ്പിൽ വെൽഫെയർ ഓഫീസർ ഗ്രേഡ് I തസ്തികയുടെ എണ്ണം 11 ഉം, വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികയുടെ എണ്ണം 12 ഉം ഉൾപ്പെടെ ആകെ 23 വെൽഫെയർ ഓഫീസർ തസ്തികകളാണ് ഉണ്ടായിരുന്നത്. പരാമർശം(3)-ലെ ഉത്തരവ് പ്രകാരം തവനൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിൽ ഒരു വെൽഫെയർ ഓഫീസർ ഗ്രേഡ് 2 തസ്തിക സൃഷ്ടിച്ചതിനാൽ വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികയുടെ എണ്ണം 13 - ഉം വെൽഫെയർ ഓഫീസർ ഗ്രേഡ് I തസ്തികയുടെ എണ്ണം 11 -ഉം ( ആകെ 24 തസ്തികകൾ ) എന്ന ക്രമത്തിലായിട്ടുണ്ട്. പരാമർശം (1), (2) ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം വെൽഫെയർ ഓഫീസർ ഗ്രേഡ് I & II തസ്തികകളുടെ അനുപാതം 1:1 എന്ന ക്രമത്തിലായതിനാൽ ടി തസ്തികകൾ പുന : ക്രമീകരിക്കേണ്ടതുള്ളതിനാൽ വെൽഫെയർ ഓഫീസർ ഗ്രേഡ് I, വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ആകെയുള്ള 24 തസ്തികകളെ 12 വീതമായി ക്രമീകരിച്ച 1:1 അനുപാതത്തിൽ നിജപ്പെടുത്തണമെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്-ന്റെ ശിപാർശയുടെയടിസ്ഥാനത്തിൽ, പരാമർശം (1),(2) ഉത്തരവുകളുടെ വെളിച്ചത്തിൽ ജയിൽ വകുപ്പിൽ ആകെയുള്ള വെൽഫെയർ ഓഫീസറുടെ 24 തസ്തികകളിൽ വെൽഫെയർ ഓഫീസർ ഗ്രേഡ് I, വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികകളുടെ എണ്ണം 12 വീതമായി പുന: ക്രമീകരിച്ച് 1:1 അനുപാതത്തിൽ നിജപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Syam T K
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ